**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2403** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ഇന്റേണൽ വിജിലൻസ് വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ-യിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ ചുമതലകൾ വിശദമാക്കുമോ; പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ യുടെ മുഴുവൻ ശാഖകളും (620), മേഖല ഓഫീസുകളും (13), സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (റവന്യൂ റിക്കവറി) ഓഫീസുകൾ (10), കേന്ദ്ര കാര്യാലയത്തിലെ വിവിധ വകുപ്പുകൾ എന്നിവയുടെ പ്രവർത്തനം ഓഡിറ്റ് ചെയ്യുക, ഈ സ്ഥലങ്ങളിലെല്ലാം കമ്പനിയുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും പുറമെ, സർക്കാർ, മറ്റു വിവിധ റഗുലേറ്റിംഗ് ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നുമുള്ള നിർദേശങ്ങളും ചട്ടങ്ങളും പാലിച്ചു തന്നെയാണ് ശാഖകളും മറ്റു ഓഫീസുകളും പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക എന്നതാണ് ഓഡിറ്റ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. കൂടാതെ ഓഡിറ്റ് ടീമുകളുടെ റിപ്പോർട്ടുകൾ കേന്ദ്ര/മേഖല ഓഫീസ് തലത്തിൽ അവലോകനം ചെയ്ത് അതത് ഓഫീസ്/വകുപ്പു മേധാവികൾക്ക് ആവശ്യമായ ഉപദേശങ്ങളും നിർദേശങ്ങളും നൽകുക, ഓഡിറ്റ് ക്വറികൾ തീർപ്പാക്കിയെന്ന് ഉറപ്പുവരുത്തി അന്തിമ റിപ്പോർട്ടുകൾ തയ്യാറാക്കുക, ആയത് അടിയന്തിര നടപടിക്കായി മേലുദ്യോഗസ്ഥന് കൈമാറുക എന്നിവയും ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ചെയ്തു വരുന്നു. പതിവു ഓഡിറ്റിനു പുറമെ, കമ്പനി പുതുതായി തുടങ്ങിയ പ്രിവന്റീവ് വിജിലൻസ് ടീമുകളും ഫലപ്രദമായി പ്രവർത്തിക്കുന്നു. ശാഖകളിൽ/ ഓഫീസുകളിൽ ആകസ്മിക സന്ദർശനം നടത്തി രേഖകളും കണക്കുകളും പരിശോധിക്കുക, അടിയന്തിര ഇടപെടലുകൾ വേണ്ട സാഹചര്യത്തിൽ ഉടൻ തന്നെ റിപ്പോർട്ടുകൾ കോർപ്പറേറ്റ് ഓഫീസിലേക്ക് അയക്കുക എന്നീ ചുമതലകളും അവർ നിർവഹിക്കുന്നു. ഗുരുതരമായ സാമ്പത്തിക തിരിമറികൾ, മറ്റ് ക്രമക്കേടുകൾ എന്നിവ കാണുന്ന മുറക്ക് അത്തരം കേസുകളിൽ പ്രത്യേകം അന്വേഷണം നടത്തി റിപ്പോർട്ടുകൾ യഥാസമയം |

| | | | |
|---|---|---|---|
| | | | അച്ചടക്കനടപടികൾക്കായി സമർപ്പിക്കുന്നുണ്ട്. നിലവിൽ മുഴുവൻ ശാഖകളുടെയും/ ഓഫീസുകളുടെയും 2020 മാർച്ച് 31 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുള്ളതാണ്. ഇപ്പോൾ 2020-21 വർഷത്തെ ആഭ്യന്തര ഓഡിറ്റാണ് ചെയ്തു വരുന്നത്. |
| (ബി) | കഴിഞ്ഞ 4 വർഷക്കാലയളവിനുള്ളിൽ കെ.എസ്.എഫ്.ഇ. യിലെ ആഭ്യന്തര പരിശോധനാവിഭാഗം കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ വ്യക്തമാക്കുമോ? | (ബി) | ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്പനിയുടെ വ്യക്തിഗത – മാനവ വിഭവശേഷി വകുപ്പ് ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർവീസിൽ നിന്ന് പിരിച്ചു വിടൽ, സസ്പെൻഷൻ, ഇൻക്രിമെന്റ് തടയൽ, താക്കീത് നൽകൽ മുതലായവയാണ് ക്രമക്കേടുകളിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ. |

സെക്ഷൻ ഓഫീസർ